# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2309 09/03/2018 ൽ മറുപടിയ്ക്ക്

### കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് ആക്ട് 2016


ചോദ്യം
ശ്രീ.അടൂർ പ്രകാശ്

ഉത്തരം
അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| എ | വനേതര പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ട് നൽകുന്നതിന് പകരം വനവൽക്കരണം നടത്തുന്നതിനുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് ആക്ട് 2016ന്റെ കരട് ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ടോ; | എ | കരട് ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. |
| ബി | സംസ്ഥാനത്തിന് ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വ്യവസ്ഥകൾ ഈ ചട്ടപ്രകാരം എന്താണെന്ന് വ്യക്തമാക്കുമോ? | ബി | ചട്ടം5(2) പ്രകാരം സംസ്ഥാനത്ത് ലഭിക്കുന്ന എൻ.പി. വി (NPV) ഫണ്ടിന്റെ 80% വനം-വന്യ ജീവി മാനേജ്മെന്റുമായി ബന്ധപ്പെട്ട് പന്ത്രണ്ട് പദ്ധതികൾക്കായി ഉപയോഗിക്കണം. അസിസ്റ്റഡ് നാച്ചറൽ റീ ജനറേഷൻ, ആർട്ടിഫിഷൽ റീ ജനറേഷൻ (പ്ലാന്റേഷനുകൾ) വനത്തിലെ സിൽവി കൾച്ചറൽ ഓപ്പറേഷനുകൾ, പ്ലാന്റേഷനുകളുടേയും വനങ്ങളുടേയും സംരക്ഷണം, വനത്തിലെ കീടങ്ങളുടെയും രോഗങ്ങളുടെയും നിയന്ത്രണം, കാട്ടുതീ തടയലും നിയന്ത്രണ പ്രവർത്തനങ്ങളും, സോയിൽ & മോയ്സ്ചർ കൺസർവേഷൻ പ്രവർത്തികൾ, അംഗീകരിച്ച മാനേജ്മെന്റ് പ്ലാൻ/ വർക്കിംഗ് പ്ലാൻ പ്രകാരം വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് മെച്ചപ്പെടുത്തൽ , സംരക്ഷിത വനപ്രദേശത്തു നിന്നും ജനവാസ കേന്ദ്രങ്ങളെ മാറ്റൽ, വൈൽഡ് ലൈഫ് കോറിഡോർ ഉൾപ്പെടുന്ന വനേതര പ്രദേശങ്ങളിലെ വന വത്ക്കരണവും പുനരുജ്ജീവനവും, അനിമൽ റെസ്ക്യൂ സെന്ററുകളുടെ നിർമ്മാണം, , പ്രവർത്തനം പരിപാലനം , വന്യ മൃഗങ്ങളെ ചികിൽസിക്കാനുള്ള സൗകര്യം, കാലാകാലങ്ങളിൽ നാഷണൽ അതോറിറ്റി പുറപ്പെടുവിക്കുന്ന തടികളുടേയും മറ്റു വനോത്പന്ന സംരക്ഷണ ഉപകരണങ്ങളുടെയും വിതരണം എന്നിവ ഇതിൽപ്പെടുന്നു.<br><br>ബാക്കിയുള്ള 20% വനം വന്യ ജീവി സംരക്ഷണവുമായി ബന്ധപ്പെട്ട അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ വിപുലീകരിക്കൽ, വനം വകുപ്പിന്റെയും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾ , സംഘടനകൾ എന്നിവയുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ എന്നിവക്കായി ഉപയോഗിക്കണം. |

സെക്ഷൻ ഓഫീസർ